(ബി) 2011-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ഭേദഗതി ആക്ട് പ്രകാരം 2014-15 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ റവന്യു കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പൂജ്യം ശതമാനം ആകേണ്ടതാണ്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തെ റവന്യു കമ്മി സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2.8 ശതമാനമാണ്. 2015-16 സാമ്പത്തികവർഷം അവസാനിക്കുമ്പോൾ റവന്യു കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പൂജ്യം ശതമാനം ആയിരിക്കണം. സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ കണക്കുകൾ ലഭിക്കുമ്പോൾ മാത്രമേ റവന്യു കമ്മി എത്രയായി വർദ്ധിക്കുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് പുതിയ ആനുകൂല്യങ്ങൾ നൽകിയതിന്റെ പേരിൽ റവന്യു കമ്മി കൂടിയിട്ടില്ല. വിവിധ റവന്യു വരുമാന സ്രോതസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്തതാണ് റവന്യു കമ്മി കൂടാനുള്ള പ്രധാന കാരണം.

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ബസ്സുകൾ

154 (3308) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ബസുകൾ വാങ്ങി നൽകുന്നതിന് അനുമതി തേടിക്കൊണ്ട് ഗതാഗത വകുപ്പ് നൽകിയ ഫയൽ എന്നാണ് ധനകാര്യ വകുപ്പിലെത്തിയത്; എത്ര എം.എൽ.എ.മാരുടെ എത്ര കോടി രൂപയുടെ നിർദ്ദേശമാണ് വന്നത്;

(ബി) ഇവർക്ക് ധനകാര്യ വകുപ്പ് കൺകറൻസ് നൽകുകയുണ്ടായോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് കൺകറൻസ് നൽകാതിരുന്നതെന്ന് വിശദമാക്കുമോ;

(സി) നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി നൽകിയ ഈ പാക്കേജിന് പ്രത്യേക പരിഗണന നൽകി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് ബസ്സ് വാങ്ങുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ഗതാഗത വകുപ്പിൽ നിന്നും ലഭിച്ച ഫയലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഫയൽ നമ്പർ 9837/A2/2014/ഗതാഗതം തീയതി 21-7-2014.

LIBRARY ARCHIVES Kerala Legislative Assembly

2. ഫയൽ നമ്പർ 14086/A2/2014/ഗതാഗതം തീയതി 22-1-2015 8 എം.എൽ.എ.-മാരുടെ 7.40 കോടി രൂപയുടെ നിർദ്ദേശമാണ് ലഭിച്ചിരുന്നത്.

(ബി) പൊതുജനോപകാരപ്രദവും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-ക്ക് ബസ്സ് വാങ്ങുന്നതിനായി ടി ഫണ്ട് വിനിയോഗിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ല. സർക്കാരിന്റെ സാമ്പത്തിക പരിമിതികളും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ദീർഘകാലം നിലനിൽക്കണമെന്നുള്ള താല്പര്യവും കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ഫണ്ട് അനുവദിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) താൽപ്പര്യം പരിഗണനയിലില്ല.

കരാറുകാരുടെ കുടിശ്ശിക തുക നൽകാൻ നടപടി

155 (3309) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കരാറുകാരുടെ നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് സമരസമിതിക്ക് നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് - ജലവിഭവ വകുപ്പ് കരാറുകാർക്ക് 31-5-2015 വരെ നൽകാനുള്ള കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക പൂർണ്ണമായി കൊടുത്ത് തീർക്കുന്നതിനായി എന്ത പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ കരാറുകാരുടെ ബിൽ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനായി കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായി 26-4-2015-ൽ ചർച്ച നടത്തിയിരുന്നു. അതനുസരിച്ച് പൊതുമരാമത്ത് നിരത്തുവിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിലെ കുടിശ്ശിക 2015 ഡിസംബറിലും നിരത്തു വിഭാഗത്തിന്റേത് 2016 മാർച്ചിലും കൊടുത്തു തീർക്കാൻ ധാരണയായിട്ടുണ്ട്. സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിയ ബിൽ ഡിസ്കൗണ്ടിങ്ങ് സിസ്റ്റം പ്രകാരം കരാറുകാരുടെ ആറുമാസത്തെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിന് സൗകര്യം ഉണ്ടാകുന്നതും ആറുമാസത്തിലധികം പഴക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly